"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ സ്റ്റാഫ് നഴ്സ് ഗ്രേഡ് - I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികകളിലെ 48 ജീവനക്കാരുടെ റെഗുലറൈസേഷൻ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്

സ.ഉ.(സാധാ) നം.3187/2024/H&FWD തീയതി,തിരുവനന്തപുരം, 30-12-2024

പരാമർശം:-

1. 2019-ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട്.
2. 09/10/2020 - ലെ സ.ഉ(കൈ).നം.132/2020/ആ.ക.വ
3. 18/03/2022 — ലെ സ.ഉ(കൈ).നം.62/2022/ആ.കു.വ
4. 24/08/2022 — ലെ 104/എസ് 1/2022/ആ.കു.വ നമ്പർ കത്ത്
5. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12/02/2024- ലെ എൻസി4-6801/2023/മെ.വി.വ നമ്പർ കത്ത്.
6. കേരള പബ്ലിക് സർവീസ് കമ്മീഷനിൽ നിന്നുള്ള 26/09/2024 ലെ എ2-3/9/2024-കെ പി എസ് സി നം. കത്ത്

ഉത്തരവ്

സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും പരാമർശം (1) ആക്ട് പ്രകാരം 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടു വന്നിരുന്നു. ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജിൽ നിന്നും മുൻ നഴ്സിംഗ് വിഭാഗം ജീവനക്കാരെ ആഗീരണം ചെയ്യുന്നതിന് വേണ്ടി 521 തസ്തികകൾ സൃഷ്ടിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിലേക്ക് നഴ്സുമാരെ 02/03/2019 തീയതി പ്രാബല്യത്തിൽ അക്കൊമ്മൊഡേറ്റ് ചെയ്ത് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

2. ഏറ്റെടുത്ത ജീവനക്കാർക്ക് ഓപ്ഷൻ (സ്റ്റാന്റ് എലോൺ അല്ലെങ്കിൽ എൻടി കേഡർ) സമർപ്പിക്കുന്നതിന് അവസരം നൽകിയ 07/10/2021 — ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) കത്തിലെ നിർദേശാനുസരണം പ്രസ്തുത ജീവനക്കാർക്ക് സ്റ്റാന്റ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകുകയും അതിനെത്തുടർന്ന് ജീവനക്കാർ സമർപ്പിച്ച ഓപ്ഷന്റെ അടിസ്ഥാനത്തിൽ 508 നഴ്സിംഗ് ജീവനക്കാർക്ക് താൽക്കാലിക നിയമന ഉത്തരവ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

ഡയറക്ടർ നൽകുകയും ചെയ്തിരുന്നു. ഓപ്ഷൻ സമർപ്പിക്കാൻ അവസരം നൽകിയപ്പോൾ നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികയിൽ ജോലി ചെയ്തിരുന്നതും അക്കൊമ്മൊഡേറ്റ് ചെയ്യപ്പെട്ടിരുന്നവരുമായ 2 പേർ ഓപ്ഷൻ - ബി ആയ സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമനം നേടുകയുണ്ടായി. ഹെഡ് നഴ്സ് തസ്തികയിൽ ജോലി ചെയ്തിരുന്നതും അക്കൊമ്മൊഡേറ്റ് ചെയ്യപ്പെട്ടിരുന്നവരുമായ 11 പേരും ഇപ്രകാരം ഓപ്ഷൻ - ബി ആയ സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമനം നേടുകയുണ്ടായി. സ്റ്റാഫ് നഴ്സ് 460 ജീവനക്കാർ ഓപ്ഷൻ - എ ആയ എൻട്രി കേഡറിൽ ജൂനിയർ ടു ജൂനിയർ മോസ്റ്റ് എന്ന ഓപ്ഷൻ സമർപ്പിക്കുകയും അപ്രകാരം 460 ജീവനക്കാർക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിയമന ഉത്തരവ് നൽകുകയും ചെയ്തിരുന്നു. ആകെ 35 ജീവനക്കാർ മാത്രം സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 തസ്തികയിൽ ഓപ്ഷൻ സമർപ്പിച്ച് സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമനം നേടുകയുമുണ്ടായി.

3.തുടർന്ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ സ്റ്റാഫ് നഴ്സ് ഗ്രേഡ് - I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികകളിലെ ആകെയുള്ള 48 ജീവനക്കാരുടെ റഗുലറൈസേഷൻ ചുവടെ ചേർക്കുന്ന നിബന്ധനകളോടു കൂടി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം ലഭ്യമാക്കി അംഗീകരിക്കാവുന്നതാണെന്ന താൽക്കാലിക തീരുമാനം സർക്കാർ കൈക്കൊണ്ടിരുന്നു.

(i).മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ് - I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികകളിൽ സ്റ്റാന്റ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ സർക്കാർ സർവീസിലെ സേവനം ക്രമീകരിക്കുന്നത് (ഏറ്റെടുക്കൽ തീയതിയിൽ അവധിയിൽ അല്ലാത്തവരുടേത്) 02/03/2019 തീയതി പ്രാബല്യത്തിലാണ്.

(ii).ടിയാളുകളുടെ മുൻ പരിയാരം മെഡിക്കൽ കോളേജിലെ സർവീസ് യാതൊരു വിധ സർവീസ്/സാമ്പത്തിക ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല

(iii).സ്റ്റാൻഡ് എലോൺ ഓപ്ഷൻ സ്വീകരിച്ചിട്ടുള്ളവർക്ക് റഗുലർ ലൈൻ ഓഫ് പ്രൊമോഷൻ ലഭിക്കാനോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ പൊതു സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാനോ പൊതുസ്ഥലംമാറ്റത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. കണ്ണൂർ മെഡിക്കൽ കോളേജിൽ തന്നെ സ്റ്റാൻഡ് എലോൺ ആയി തുടരാവുന്നതും വാർഷിക വേതന ഇൻക്രിമെന്റ്, സമയബന്ധിത ഹയർ ഗ്രേഡ്, യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്റ്റാന്റ് എലോൺ തസ്തികകളിൽ മാത്രമുള്ള സ്ഥാനക്കയറ്റം എന്നിവ നിയമാനുസരണം നേടിയതിന് ശേഷം കണ്ണൂർ മെഡിക്കൽ കോളേജിൽ നിന്ന് വിരമിച്ചു പോകുന്നതാണ്. ടിയാളുകളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂളിലേക്ക് ഇന്റഗ്രേറ്റ് ചെയ്യുന്നതല്ല. ടി ജീവനക്കാർക്ക് മറ്റ് മെഡിക്കൽ കോളേജുകളിലേക്കോ, അന്തർ ജില്ല/അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനോ അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ സന്നിദ്ധ ഘട്ടത്തിൽ സർക്കാരിനോ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കോ ടിയാളുകളെ മറ്റ് മെഡിക്കൽ കോളേജുകളിലേക്ക് സ്ഥലംമാറ്റി നിയമിക്കാവുന്നതാണ്.

(iv).02/03/2019 തീയതിയിൽ ടി ജീവനക്കാരുടെ ലീവ് അക്കൗണ്ടിൽ ഉള്ള അവധിയുടെ നീക്കിയിരിപ്പ് 0 (പൂജ്യം) ആയിരിക്കുന്നതാണ്.

(v).ഗ്രേഡ് II നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ നിയമിതരായ 2 ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(vi).ഹെഡ് നഴ്സ് തസ്തികയിൽ നിയമിതരായവർക്ക് മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും അക്കൊമ്മൊഡേറ്റ് ചെയ്ത രണ്ട് നഴ്സിംഗ് സൂപ്രണ്ടുമാർ വിരമിക്കുന്നതനുസരിച്ച് പ്രസ്തുത രണ്ട് തസ്തികകളിലേക്ക് നിലവിലുള്ള/''സർക്കാർ ഇതിനായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(vii).ഗ്രേഡ് I സ്റ്റാഫ് നഴ്സ് തസ്തികയിൽ നിയമിതരായ 35 പേർക്ക് മുൻ പരിയാരം മെഡിക്കൽ കോളേജിലെ ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി സൃഷ്ടിച്ച 11 ഹെഡ് നഴ്സ് തസ്തികകളിലേക്ക് നിലവിലുള്ള / സർക്കാർ ഇതിനായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(vii)നിയമന ക്രമീകരണത്തിന് ശേഷം ജീവനക്കാരുടെ ഏറ്റെടുക്കൽ തീയതി പ്രാബല്യത്തിലുള്ള സീനിയോറിറ്റി പട്ടിക പ്രിൻസിപ്പാൾ തയാറാക്കി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

(ix).ടി ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് (NPS) ബാധകമാകുന്നത്. അതിൻപ്രകാരം ടിയാളകളുടെ പെൻഷൻ പ്രായം 60 വയസ് ആയിരിക്കുന്നതാണ്.

(x).നിയമന ക്രമീകരണത്തിന് ശേഷം ടി ജീവനക്കാരുടെ കമ്മ്യൂണൽ റൊട്ടേഷൻ ചാർട്ട് പ്രിൻസിപ്പാൾ തലത്തിൽ തന്നെ തയാറാക്കേണ്ടതാണ്.

(xi).നിയമിക്കപ്പെടുന്ന തസ്തികയിൽ ടി ജീവനക്കാർ 27/12/2018 — ലെ സ.ഉ(അച്ചടി) നം. 17/2018/ഉ.ഭ.പ.വ— ലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കേണ്ടതാണ്.

(xii).02/03/2019 പ്രാബല്യത്തിൽ അവധിയിൽ/വിക്കിലി ഓഫ് ആയിരുന്ന ജീവനക്കാരുടെ സേവന ക്രമീകരണ തീയതി സർക്കാർ തലത്തിൽ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(xiii).ടി ജീവനക്കാരുടെ സർക്കാർ സർവീസിലെ സേവനം 02/03/2019 തീയതിയിൽ മാത്രമേ ആരഭംഭിക്കുന്നുള്ള. അന്ന് മുതൽ ടി ജീവനക്കാർ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഏറ്റവും പുതിയ ജീവനക്കാരായി സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ സേവനം ആരംഭിക്കുന്നതാണ്.

(xiv).ടി ജീവനക്കാർക്ക് 02/03/2019 മുതൽ കേരള സർക്കാർ ജീവനക്കാർക്കുള്ള പെരുമാറ്റ ചട്ടങ്ങളും കേരള സിവിൽ സർവീസ് ചട്ടങ്ങളും ബാധകമാകുന്നതാണ്.

4. മുൻ പരിയാരം മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതുമായ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് - I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികകളിലെ ആകെയുള്ള 48 ജീവനക്കാരുടെ റെഗുലറൈസേഷനായുള്ള പ്രൊപ്പോസൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി അയച്ചനൽകുകയും ആയത് പരിശോധിച്ച കമ്മീഷൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മേൽ നിബന്ധനകൾക്ക് വിധേയമായി ടി ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതിന് പരാമർശം (6) പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളതിനാൽ സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് - I/ഹെഡ് നഴ്സ്/നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II തസ്തികകളിലെ അനുബന്ധമായി ചേർത്തിരിക്കുന്ന 48 ജീവനക്കാരുടെ നിയമനം മേൽ നിബന്ധനകൾക്ക് വിധേയമായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ജീവനക്കാർക്ക് (ഡി എം ഇ മുഖേന)
ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (എസ് 1/148/2021/H&FWD)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 31-12-2024 14:16:49

ക്രമ നമ്പർ	പേര്	തസ്തിക
1	റോസമ്മ സണ്ണി	നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II (ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്)
2	ലൂസി.പി.ജെ	നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - II (ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട്)

3	ഷെർളി സെബാസ്റ്റ്യൻ (ഷെർളി.എ.എ)	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
4	ഷെർളി.കെ.വി	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
5	അജിമോൾ.സി.ജോസഫ്	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
6	മേരിക്കുട്ടി.പി.ടി	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
7	ജിജി ജോർജ്	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
8	മറിയാമ്മ ജോൺ	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
9	ലിസി ചാക്കോ	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
10	റോസി ലിറ്റ് ജോസ്	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
11	റസിയ.പി.കെ	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
12	റജിമോൾ.എം.എൽ	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
13	റീന അഗസ്റ്റിൻ	ഹെഡ് നഴ്സ് (സീനിയർ നഴ്സിംഗ് ഓഫീസർ)
14	[illegible]	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ

14	കമലാക്ഷി.വൈ	ഗ്രേഡ് - I)
15	ഷീന.എം.എൻ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
16	ആനി.പി.എൽ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
17	സോഫിയ ജോർജ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
18	പങ്കജാക്ഷി.ഇ.പി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
19	മംഗളാംബിക.സി.ഡി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
20	ബിന്ദു സെബാസ്റ്റ്യൻ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
21	സീനമ്മ മാത്യു	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
22	ഷീബ മേരി തോമസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
23	ഷൈജ.എം	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
24	ശാന്തിമോൾ ജോസഫ്.ടി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
25	അനീസ് കുര്യൻ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)

26	ചിത്രാംബിക.സി.ഡി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
27	ഷൈല എബ്രഹാം	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
28	മിനി ലൂക്കോസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
29	മിനിമോൾ തോമസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
30	ബിന്ദു പനയംതട്ട	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
31	ദീപ്തി.വി.കെ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
32	വിജയമ്മ.ജെ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
33	പുഷ്പമ്മ മാത്യു	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
34	സരിതമ്മ.വി.എം	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
35	ഷെൽസി.ടി.തോമസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
36	മേഴ്സിക്കുട്ടി തോമസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
37	ത്രേസ്യാമ്മ.ഇ.എ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)

38	മിനി.സി.ചാക്കോ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
39	ലിഷ രാജു	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
40	ജിഷ.സി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
41	ജോമോൾ ജോൺ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
42	ബിസി.എം.സി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
43	റോബിൻ ബേബി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
44	ജിഷ.കെ.വി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
45	സരിത.സി	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
46	ക്ലെയർ ജെയിംസ്.എൻ	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
47	ടോം ഇഗ്നേഷ്യസ്	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)
48	ബിന്ദു.വി.എം	സ്റ്റാഫ് നഴ്സ് ഗ്രേഡ് - I (നഴ്സിംഗ് ഓഫീസർ ഗ്രേഡ് - I)